തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമങ്ങൾ
(ഹാജർ. ശ്രീമതി.ജെ.റൂബി)

വിഷയം :- പഞ്ചായത്ത് കണ്ടിജന്റ് സർവ്വീസ് - തൃശ്ശൂർ ജില്ല -ഫുൾടൈം കണ്ടിജന്റ് ജീവനക്കാരുടെ പൊതുസ്ഥലമാറ്റം 2011 - അന്തിമ ഉത്തരവ് പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- ഈ ഓഫീസിലെ 24/01/2011 ലെ ഇതേ നമ്പർ ഉത്തരവ്.

******

<u>ഉത്തരവ് നമ്പർ.ഇ2-800/2005, തിയ്യതി : 22/02/2011</u>

തൃശ്ശൂർ ജില്ലയിൽ ഫുൾടൈം കണ്ടിജന്റ് തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സ്ഥലമാറ്റത്തിനുള്ള അപേക്ഷകൾ പരിഗണിച്ച് പരാമർശപ്രകാരം 2011 ലെ പൊതുസ്ഥലം മാറ്റ ഉത്തരവിന്റെ കരട് പ്രസിദ്ധീകരിച്ചിട്ടുള്ളതും ടി ഉത്തരവിന്മേൽ ആക്ഷേപമുള്ളവർ ബോധിപ്പിയ്ക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. ആയതനുസരിച്ച് നിശ്ചിത തിയ്യതിക്കകം ഈ ഓഫീസിൽ ലഭിച്ച ആക്ഷേപങ്ങൾ പരിശോധിച്ചതും ടി ആക്ഷേപങ്ങൾ പരിഗണനാർഹമല്ലാത്തതായി കണ്ടെത്തിയതുമാണ്. മേൽ സാഹചര്യത്തിൽ കരട് ഉത്തരവിൽ ഭേദഗതികളൊന്നും വരുത്താതെ തന്നെ ഫുൾടൈം കണ്ടിജന്റ് ജീവനക്കാരെ അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിട്ടുള്ള പഞ്ചായത്തുകളിലേയ്ക്ക് സ്ഥലം മാറ്റി നിശ്ചയിച്ച് ഇതിനാൽ പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേരും നിലവിലുള്ള ഓഫീസും | സ്ഥലം മാറ്റം നൽകുന്ന ഓഫീസ് | റിമാർക്സ് |
|---|---|---|---|
| 1 | കെ.ദേവ ജാനകി, വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് | ചേലക്കര ഗ്രാമപഞ്ചായത്ത് (സിദ്ദിഖ് റിട്ടയർ ചെയ്യുന്ന ഒഴിവിൽ) | അപേക്ഷ പ്രകാരം |
| 2 | വി.ബീന മേരി, പാവറട്ടി ഗ്രാമപഞ്ചായത്ത് | വടക്കാഞ്ചേരി ഗ്രാമ പഞ്ചായത്ത് (ദേവ ജാനകിയെ സ്ഥലം മാറ്റിയ ഒഴിവിൽ) | “ |
| 3 | കെ.വി.ഗീത, വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് | പാവറട്ടി ഗ്രാമ പഞ്ചായത്ത് (ബീന മേരിയെ സ്ഥലം മാറ്റിയ ഒഴിവിൽ) | “ |
| 4 | പി.എ.മാധവി, ചാഴൂർ ഗ്രാമ പഞ്ചായത്ത് | വടക്കാഞ്ചേരി ഗ്രാമ പഞ്ചായത്ത് ( കെ.വി.ഗീതയെ സ്ഥലം മാറ്റിയ ഒഴിവിൽ) | “ |

മേൽ ഉത്തരവ് 2011 മാർച്ച് 31-നുശേഷം മാത്രം പ്രാബല്യത്തിൽ വരുന്നതായിരിയ്ക്കും. ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ അതിനുശേഷം ഉത്തരവ് പ്രാബല്യത്തിൽ വരുത്തേണ്ടതും, ജീവനക്കാരെ വിടുതൽ ചെയ്യുന്നതും, ജോലിയിൽ പ്രവേശിപ്പിയ്ക്കുന്നതുമായ വിവരങ്ങൾ ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
തൃശ്ശൂർ.

പകർപ്പ്: ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്ക് (ജീവനക്കാരെ അറിയിക്കുന്നതിലേയ്ക്കായി)

എല്ലാ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർക്കും
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, തൃശ്ശൂർ
കരുതൽ /അധികം.

N.A.U